# ഒന്നും ബാക്കി വേണ്ട.
# പക്ഷേ, കാലടികളെ സൂക്ഷിക്കുക.

jthrees@hotmail.com

ഏത് നിമിഷവും കാറ്റില്‍ കെട്ടുപോകാവുന്ന ദുര്‍ബല തീനാളമാണ് ജീവിതം. മുന്നോട്ടു വെച്ച നമ്മുടെ കാലടികള്‍ ലക്ഷ്യസ്ഥാനം പൂല്കുമെന്ന് പറയാനാകാത്ത വിധം അനിശ്ചിതമാണതിന്‍െറ കാര്യം.

ജീവിതം യാത്രയാണ്. ദൈവത്തിങ്കലേക്കുള്ള യാത്ര. അവനില്‍നിന്നാണല്ലോ ആഗമനം ഉണ്ടായത്. അവനിലേക്ക് തന്നെയാണ് മടക്കവും. ജീവിതത്തില്‍ സ്വന്ത മാക്കിയ എല്ലാ വിഭവങ്ങളും ആകസ്മികമായി വന്നെത്തുന്ന മരണത്തോടെ ഇവിടെ ഉപേക്ഷിച്ചു വേണം യാത്ര തിരിക്കുവാന്‍. ഉപേക്ഷിച്ച ഒന്നുമായും പിന്നെ നമുക്ക് ബന്ധമുണ്ടാകില്ല.

നിലനില്പ് എത്രകാലമെന്ന് പ്രവചിക്കാനാകാത്ത ജീവിതം കൊണ്ടാണ് ഭൂമു ഖത്ത് നാം പല മാതിരിയിലുള്ള ഏര്‍പ്പാടുകളിലും മുഴുകിയിരിക്കുന്നത്. യദൃശ്ചയാ യാത്രയാകുന്ന ഒരു വിദേശിയുടെ സ്വഭാവമാണ് എല്ലാ ഇടപാടുകളിലും നാം കൈ ക്കൊള്ളേണ്ടത്. അതാണ് ദൈവഭക്തിക്ക് നല്ലത്. കാലാകാലവും ഇവിടെ ജീവിക്കു ന്നവനെപ്പോലെ നാം ഇടപാടുകളില്‍ ഏര്‍പ്പെടരുത്. അത് ദുരാഗ്രഹം വളര്‍ത്തും. അക്കാര്യമാണ് മുഹമ്മദ് നബി പഠിപ്പിച്ചത്: “നീ ഇവിടെ ഒരു പരദേശിയെപ്പോലെ യാവുക. അല്ലെങ്കില്‍ ഒരു വഴിയാത്രക്കാരനെപ്പോലെ.”

ഈ യാത്രയില്‍ എല്ലാവരും ഒന്നിച്ചാണ് നീങ്ങുന്നത്. എല്ലാവരുടെയും ലക്ഷ്യ സ്ഥാനം ഒന്നാണ്. പക്ഷേ, ചിലര്‍ സുകൃതികളാണ്. ചിലര്‍ ദുഷ്കൃതരാണ് എന്നു മാത്രം. ഈ വ്യത്യാസം നമ്മെ അലട്ടുന്ന രണ്ട് കാര്യങ്ങളുണ്ട്.

ഒന്ന്, പിന്നില്‍ വരുന്ന തലമുറക്ക് ഉപകരിക്കും വിധം നാം എന്താണ് അവ ശേഷിപ്പിച്ചിട്ടുള്ളത്? രണ്ട്, ഈ ജീവിതയാത്രയില്‍ നാം ചെയ്യുന്ന കൃത്യങ്ങളുടെ ഫലം ഏത് വിധത്തിലാണ് നാം അനുഭവിക്കേണ്ടിവരിക?

ജീവിതത്തില്‍ നാം ഒന്നും ബാക്കി വെക്കേണ്ട. എല്ലാ കണക്കുകളും തീര്‍ത്ത് വിടപറയുക. തന്‍െറ ജീവിതത്തെപ്പറ്റി ഭാവിതലമുറ ദുസ്സഹമായി ഓര്‍ത്തേക്കാവുന്ന ചെറിയ സാഹചര്യങ്ങളുടെ പഴുതുകള്‍ പോലും അടച്ചുകളയുക. പക്ഷേ, ഒരു കാര്യം മറക്കരുത്: മായ്ചാലും മായാത്ത ചിലത് ഈ ഭൂമിയില്‍ നമ്മുടെതായി നൂറ്റാ ണ്ടുകളോളം അവശേഷിക്കും: നമ്മുടെ കാലടികള്‍.

കാലടികള്‍ എന്നതുകൊണ്ട് ഉദ്ദേശിച്ചത്, നമ്മുടെ പ്രവര്‍ത്തനം ഹേതുവായി ഉണ്ടായിട്ടുള്ള സംഗതികളെയാണ്. അത് അനന്തര തലമുറകളോളം നീണ്ടുനില്ക്കും. അത് അവരുടെ ജീവിതത്തെപ്പോലും സ്വാധീനിക്കുമെന്നതിനാല്‍ നാം അവശേഷിപ്പി ക്കുന്ന കാലടികള്‍ മാതൃകാപരവും മധുരവുമായിരിക്കണം. പിന്നില്‍ വരുന്നവര്‍ക്ക് അത് ഭാരമാകരുത്, നാശവും.

ആ കാലടികളാണ് ഭാവിയില്‍ നമ്മെ നിരൂപണം ചെയ്യുന്നതും വിധി കല്പി ക്കുന്നതും നമ്മുടെ ചരിത്രം രചിക്കുന്നതും. അത് നമ്മുടെ മരണശേഷമുള്ള മറുലോ കജീവിതത്തെപ്പോലും സ്വാധീനിക്കുന്നതാണ്.

മുഴുവന്‍ പാടിത്തീര്‍ക്കാന്‍ സാധിക്കാത്ത നമ്മുടെ ജീവിതകവിത കേള്‍ക്കുന്ന വര്‍ക്കും വായിക്കുന്നവര്‍ക്കും ഹൃദ്യമായി മാറണം. ജീവിതത്തില്‍ വല്ലപ്പോഴും തന്‍െറ കാലടികളെ തിരിഞ്ഞുനോക്കാനും ആവശ്യമായ തിരുത്തുകള്‍ വരുത്താനും നാം സമയം കണ്ടെത്തുക.